# AIMS പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ – ഗ്രൂപ്പുകൾ

1. കർഷകർക്കുള്ള വെബ് പോർട്ടൽ എങ്ങനെ ലഭ്യമാകും

   വെബ് ബ്രൌസറിലെ അഡ്രസ് ബാറിൽ [http://aims.kerala.gov.in/](http://aims.kerala.gov.in/) എന്ന് ടൈപ്പ് ചെയ്യുക. ഇത് AIMS ഹോം പേജ് തുറക്കാൻ സഹായിക്കും




2. ഈ പോർട്ടലിൽ വഴി നിലവിൽ  കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ (കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു)
   a. കർഷകർക്ക് വെബ് പോർട്ടലിൽ നേരിട്ട് രജിസ്റ്റർ ചെയ്യാം
   b. വിള ഇൻഷ്വറൻസ് പദ്ധതിയിൽ പങ്കാളിയാകാൻ നേരിട്ട് അപേക്ഷ സമർപ്പിക്കാം
   c. ഇൻഷ്വർ ചെയ്ത വിളകൾക്ക് പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ചാൽ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കാം
   d. പ്രകൃതിക്ഷോഭം നടന്ന വിവരം ഉടനടി തന്നെ കൃഷിഭവനെ അറിയിക്കാം.

പോർട്ടൽ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് aimsagrikerala@gmail.com എന്ന ഇ–മെയിൽ വഴിയോ നിങ്ങളുടെ കൃഷിഭവനിലോ ബന്ധപ്പെടാവുന്നതാണ്.

# AIMS പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ – ഗ്രൂപ്പുകൾ

## a. ഗ്രൂപ്പുകൾക്ക് വെബ് പോർട്ടലിൽ എങ്ങനെ രജിസ്റ്റർ ചെയ്യാം




1. വെബ് ബ്രൌസറിലെ അഡ്രസ് ബാറിൽ http://aims.kerala.gov.in/ എന്ന് ടൈപ്പ് ചെയ്യുക. ഇത് AIMS ഹോം പേജ് തുറക്കാൻ സഹായിക്കും
2. പോർട്ടലിന്റെ ഹോം പേജിൽ **Farmers Login** എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക.
3. രജിസ്ട്രേഷൻ പേജിലെ പുതിയ രജിസ്ട്രേഷൻ എന്ന ബട്ടൺ അമർത്തുക. നിങ്ങൾക്ക് രജിസ്ട്രേഷൻ ഐ ഡി, പാസ്സ്‌വേർഡ് നേരത്തെ ലഭിച്ചിട്ടുണ്ടെങ്കിൽ അത് ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതാണ്.

4. വ്യക്തികൾ (individual) , ഗ്രൂപ്പുകൾ ( groups), സ്ഥാപനങ്ങൾ (Institutions) എന്നിവയിൽ അനുയോജ്യമായത് തിരഞ്ഞെടുക്കുക. ഗ്രൂപ്പുകൾക്ക് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള നിർദേശങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.
5. മൊബൈൽ നമ്പർ നൽകാനുള്ള ബോക്സിൽ ഗ്രൂപ്പുകളുടെ/ പാടശേഖരസമിതിയുടെ സെക്രട്ടറിയുടെ മൊബൈൽ നമ്പർ ശരിയായി നൽകിയ ശേഷം താഴെയുള്ള **Send OTP ബട്ടൻ അമർത്തുകയും ചെയ്യുക.**




6. ഇപ്പോൾ താങ്കളുടെ മൊബൈലിലേക്ക് ഒരു OTP (ഒറ്റത്തവണ പാസ്സ് വേർഡ് ) ലഭിക്കുന്നതാണ്

7. ഈ പാസ്സ് വേർഡ് ശ്രദ്ധയോടെ ച്ചവടെ  കൊടുത്തിരിക്കുന്ന ബോക്സിൽ ടൈപ്പ് ചെയ്യുക,
8. തുടർന്ന് OK ബട്ടൻ അമർത്തുക
9. പുതുതായി രജിസ്റ്റർ ചെയ്യുന്ന ഗ്രൂപ്പുകൾക്ക് ' **User information not available". For new registration 'Click Here'** എന്ന് കാണിക്കും.
10. ഇതിൽ ' **Click Here '** എന്ന ബട്ടണിൽ അമർത്തുക. താങ്കൾക്ക് നിലവിൽ രജിസ്ട്രേഷൻ നമ്പർ നിലവിൽ ലഭ്യമാണെങ്കിൽ അതുപയോഗിച്ച് ഹോം പേജിൽ ലോഗിൻ ചെയ്യാവുന്നതാണ്.






11. താങ്കളുടെ ഗ്രൂപ്പിന്റെ വിവരങ്ങൾ അതാത് കോളങ്ങളിൽ ശരിയായി ചേർക്കുക. ഇതിൽ പേര് , മേൽവിലാസം, രജിസ്ട്രേഷൻ നമ്പർ, സെക്രട്ടറിയുടെ പേര് ബാങ്ക് അക്കൗണ്ട് നമ്പർ, IFSC code, എന്നിവ ഉൾപ്പെടും.
12. താങ്കളുടെ പോർട്ടൽ ലോഗിനിലേക്ക് പ്രവേശിക്കാൻ സ്വന്തമായി ഒരു പാസ്സ്‌വേർഡ് നിശ്ചയിക്കുകയും നിർദിഷ്ട്ട കോളത്തിൽ ചേർക്കുകയും ചെയ്യുക. ഈ പാസ്സ്‌വേർഡ് സൂക്ഷിച്ച് വയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
13. തുടർന്ന് ' Create user ' എന്ന ബട്ടൻ അമർത്തുക .
14. ഇപ്പോൾ ' താങ്കളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനായി **ഇവിടെ ക്ലിക്ക് ചെയ്യുക** ' എന്ന സന്ദേശം താഴെ കാണുന്ന മാതൃകയിൽ ലഭിക്കും




"ഈ പേജിൽ കാണുന്ന താങ്കളുടെ രജിസ്ട്രേഷൻ നമ്പർ പാസ്സ്‌വേർഡ് എന്നിവ ഭാവിലെ എല്ലാ നടപടികൾക്കുമായി സൂക്ഷിച്ചു വയ്ക്കുക"




15. മേൽ പറഞ്ഞ രീതിൽ ലഭിച്ച രജിസ്ട്രേഷൻ നമ്പരും പാസ്സ് വേർഡും ഉപയോഗിച്ച് പുതുതായി ലോഗിൻ ചെയ്യുക




16. പുതുതായി രജിസ്റ്റർ ചെയ്ത AIMS ലോഗിനിലെ സേവനങ്ങൾ വലതു വശത്തെ “ **Services** “ എന്ന മെനുവിന് കീഴിൽ കൊടുത്തിട്ടുണ്ട്.

17. കൂടാതെ താങ്കളുടെ കൃഷിയെ പറ്റിയുള്ള അടിസ്ഥാന വിവരങ്ങളായ " **സ്ഥല വിവരങ്ങൾ** " , " **കൃഷി വിവരങ്ങൾ** " എന്നിവ നിർദിഷ്ട ഇടങ്ങളിൽ ചേർത്ത് കൊടുക്കുക.
18. പ്രകൃതിക്ഷോഭം നടന്ന വിവരം ഉടനടി തന്നെ കൃഷിഭവനെ അറിയിക്കുവാനുള്ള ' **Report Calamity** ' എന്ന സേവനവും ഇവിടെ ലഭ്യമാണ്



19. സ്ഥല വിവരങ്ങൾ എന്ന സ്ഥലത്ത് **click** ചെയ്യുക. തുടർന്ന് ചുവടെ കാണുന്ന പേജ് കാണുന്നതാണ്.




**സ്ഥല വിവരങ്ങൾ ചേർക്കേണ്ട പേജ്**

20. **"Add New"** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് **' Add Land Details '** എന്ന പേജിൽ നിർദിഷ്ട കോളങ്ങളിൽ സ്ഥലവിവരങ്ങൾ ചേർത്ത് കൊടുക്കുക




21. സ്ഥല ഉടമയുടെ പേര് , താലൂക്ക് , വില്ലേജ്, ബ്ലോക്ക് നമ്പർ , സർവേ നമ്പർ, തണ്ടപ്പേർ, വാർഡ്, സ്ഥലത്തിന്റെ വിസ്തീർണം  എന്നിവ കൂടാതെ സ്ഥലം പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുന്ന കർഷകൻ ആണെങ്കിൽ പാട്ടത്തിനെടുക്കുന്ന സ്ഥലത്തിന്റെ ഉടമയുടെ പേരും ഫോൺ നമ്പറും കൂടെ ചേർത്ത് കൊടുക്കുക.

22. സ്ഥല വിവരങ്ങൾ ചേർത്ത് കൊടുത്ത് കഴിഞ്ഞാൽ ' **Save as Draft** ' എന്ന ബട്ടണിൽ അമർത്തുക.




23. തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ **"edit"** ബട്ടൺ ഉപയോഗിച്ച് തിരുത്തലുകൾ വരുത്താവുന്നതാണ്

24. തുടർന്ന് **Upload documents** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക




25. സ്ഥല വിവരങ്ങൾ ചേർത്ത് കഴിഞ്ഞാൽ കരം അടച്ച രസീത് / പാട്ടകരാർ എന്നിവയുടെ വിവരങ്ങൾ ചേർത്തതിന് ശേഷം സ്കാൻ ചെയ്ത് വെബ് സൈറ്റിൽ Upload ചെയ്യുക . **സ്ഥലത്തിന്റെ ഏറ്റവും പുതിയ കരമടച്ച രസീതോ മറ്റുള്ളവരുടെ ഭൂമി ആണെങ്കിൽ പാട്ടക്കരാറോ അപ്‌ലോഡ് ചെയ്യേണ്ടതാണ്.**




26. സ്ഥല വിവരങ്ങൾ AIMS പോർട്ടലിൽ ചേർക്കുകയും രേഖകൾ upload ചെയ്യുകയും കഴിഞ്ഞാൽ വലതു വശത്തുള്ള ‘ **Confirm** ‘ എന്ന ബട്ടൻ അമർത്തുക .




27. സ്ഥല വിവരങ്ങൾ AIMS പോർട്ടലിൽ നിന്നും നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ മാത്രം ' **Make inactive** ' എന്ന ബട്ടണിൽ അമർത്തുക




28. കൃഷി വിവരങ്ങൾ എന്ന സ്ഥലത്ത് click ചെയ്യുക. തുടർന്ന് ചുവടെ കാണുന്ന പേജ് കാണുന്നതാണ്.




കൃഷി വിവരങ്ങൾ ചേർക്കേണ്ട പേജ്

29. “Add New“ എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് ‘ My cultivation ‘ എന്ന പേജിൽ നിർദിഷ്ട കോളങ്ങളിൽ കൃഷി വിവരങ്ങൾ ചേർത്ത് കൊടുക്കുക




30. വിളയുടെ തരം, വിളയുടെ പേര് , വിളയുടെ എണ്ണം  കൃഷി ആരംഭിച്ച തീയതി, ജലസേചനത്തിന്റെ സ്ഥിതി എന്നീ വിവരങ്ങൾ ചേർത്ത് കൊടുത്ത് കഴിഞ്ഞാൽ ‘ **Save** ’ എന്ന ബട്ടണിൽ അമർത്തുക.




31. **' My Cultivation '** എന്ന പേജിൽ നിർദിഷ്ട കോളങ്ങളിൽ കൃഷി വിവരങ്ങൾ ചേർത്ത് കൊടുത്ത് save കഴിഞ്ഞാൽ **' Confirm '** ബട്ടൻ അമർത്തുക. ഇപ്പോൾ താങ്കളുടെ കൃഷി വിവരങ്ങൾ AIMS പോർട്ടലിൽ ചേർത്ത് കഴിഞ്ഞു. കൂടുതൽ വിളകളുടെ വിവരങ്ങൾ ചേർക്കാൻ **'Add New'** എന്ന ബട്ടണിൽ അമർത്തുകയും മേൽ വിവരിച്ച പ്രകാരം പുതിയ വിളകളുടെ വിവരം ചേർത്ത് കൊടുക്കാവുന്നതാണ്.

**ഇതോടു കൂടി രജിസ്ട്രേഷൻ പൂർത്തിയായി**

## b. വിള ഇൻഷുറൻസ് പദ്ധതിയിൽ പങ്കാളിയാകാൻ നേരിട്ട് അപേക്ഷ സമർപ്പിക്കുന്ന രീതി




1. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത വിളകളെ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി Services എന്ന പേജിലെ **"Apply for Crop Insurance"** എന്ന ലിങ്കിൽ അമർത്തുക




2. ഇതിനു ശേഷം നിങ്ങളുടെ കൃഷി ഉൾപ്പെടുന്ന കൃഷിഭവൻ തിരഞ്ഞെടുക്കുക.




3. കൃഷിഭവൻ തിരഞ്ഞെടുത്തതിനു ശേഷം നിങ്ങളുടെ ഗ്രൂപ്പിലെ അംഗങ്ങളെ ചേർക്കാവുന്നതാണ്. ഇതിനായി വലതു വശത്തുള്ള **My Group Members** എന്ന ബട്ടൻ അമർത്തുക

**ഗ്രൂപ്പായി ഇൻഷുർ ചെയ്യുന്നതിന്, കൃഷി ചെയ്യുന്ന ഗ്രൂപ്പിൽ ഉൾപ്പെട്ട ഓരോ കർഷകരെയും പ്രത്യേകം രജിസ്റ്റർ ചെയ്ത് അവരുടെ രജിസ്ട്രേഷൻ ഐഡി ചേർക്കുക. അതിനു ശേഷം ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്തു കൃഷി ഇൻഷുർ ചെയ്യേണ്ടതാണ്.**

4. തുടർന്ന് ലഭിക്കുന്ന സ്ക്രീനിൽ വലതു വശത്ത് മുകളിലായുള്ള **Add new Member** എന്ന ബട്ടൻ അമർത്തുക.

**ഇനി നിങ്ങളുടെ ഗ്രൂപ്പിലെ ഓരോരോ അംഗങ്ങളെയായി ചേർക്കാവുന്നതാണ്.**



# AIMS പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ – ഗ്രൂപ്പുകൾ

5. തുടർന്ന് മുൻകൂട്ടി രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ രജിസ്ട്രേഷൻ ഐ ഡി ഓരോന്നായി നിശ്ചിത സ്ഥലത്ത് ചേർത്ത് കൊടുത്ത് Go ബട്ടൻ അമർത്തുക. ഇപ്പോൾ നിങ്ങൾ ചേർക്കാൻ ഉദ്ദേശിക്കുന്ന അംഗത്തിന്റെ വിവരങ്ങൾ കാണാൻ സാധിക്കുന്നതാണ്.
6. അതിനു ശേഷം Add to Group ബട്ടൻ അമർത്തുക.
7. ശേഷം ഓരോരോ അംഗങ്ങളെയും ഇത്തരത്തിൽ ചേർക്കേണ്ടതാണ്.
8. എല്ലാരേയും ചേർത്ത് കഴിഞ്ഞാൽ Close ബട്ടൻ അമർത്തുക.




9. ഇപ്പോൾ നിങ്ങൾക്ക് നിങ്ങൾ ഗ്രൂപ്പിൽ ചേർത്തിട്ടുള്ള അംഗങ്ങളുടെ പട്ടിക കാണാവുന്നതാണ്.




10. ഇപ്പോൾ നിങ്ങൾ പട്ടികയിൽ ചേർത്തിട്ടുള്ള ആരെയെങ്കിലും ഒഴിവാക്കണം എങ്കിൽ **Actions** ടാബിലെ **ഡിലീറ്റ്** ബട്ടൻ അമർത്താവുന്നതാണ്.

11. അംഗങ്ങളുടെ വിവരങ്ങൾ ഉറപ്പാക്കിയ ശേഷം **Close** ബട്ടൻ അമർത്തുക.




12. തുടർന്ന് നിങ്ങളുടെ ഗ്രൂപ്പ് കൃഷി ഇൻഷ്വർ ചെയ്യുന്നതിനായി പേജിന്റെ വലതു വശത്തുള്ള റേഡിയോ ബട്ടൻ അമർത്തേണ്ടാതാണ്.

13. ഇപ്പോൾ താങ്കൾക്ക് താഴെ കാണുന്ന മാതൃകയിൽ സന്ദേശം ലഭിക്കും. Ok ബട്ടൺ അമർത്തുക.




14. ഇതിനു താഴെ പറഞ്ഞിരിക്കുന്ന സത്യവാങ്ങ്മൂലതിന്റെ ഇടതു വശത്തുള്ള റേഡിയോ ബട്ടൻ അമർത്തുക

15. ഒടുവിലായി പേജിന്റെ താഴെ കൊടുത്തിട്ടുള്ള **submit Application** ബട്ടൻ അമർത്തുക.




**16. ഇപ്പോൾ താങ്കളുടെ അപേക്ഷ കൃഷിഭവനിലേക്ക് സമർപ്പിച്ചിരിക്കുന്നു.**




17. കൃഷി ഭവനിലേക്ക് സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ തൽസ്ഥിതി മുകളിൽ കാണുന്ന മാതൃകയിൽ അറിയുന്നതിനായി പേജിന്റെ വലതു വശത്ത് മുകളിലായുള്ള **MY INSURANCE APPLICATION** എന്ന tab അമർത്താവുന്നതാണ്.

********************************************

## c. ഇൻഷ്വർ ചെയ്ത വിളകൾക്ക് പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ചാൽ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുന്ന രീതി

Please Wait….

This part will be updated soon ……

**************************************

## d. പ്രകൃതിക്ഷോഭം നടന്ന വിവരം ഉടനടി തന്നെ കൃഷിഭവനെ അറിയിക്കാനുള്ള രീതി.




1. നിങ്ങളുടെ പ്രദേശത്ത് സംഭവിച്ച പ്രകൃതിക്ഷോഭത്തെപ്പറ്റി തത്സമയം കൃഷി ഭവനെ അറിയിക്കുന്നതിനു **Report calamity** എന്ന ബട്ടൻ അമർത്തുക.




2. താങ്കളുടെ കൃഷിസ്ഥലം ഉൾപ്പെടുന്ന കൃഷിഭവൻ ഇപ്പോൾ കാണാൻ സാധിക്കും. ഇതിൽ വലതു വശത്ത് കാണുന്ന **Submit calamity details** എന്ന മെനു അമർത്തുക.




3. ശേഷം വരുന്ന സ്ക്രീനിൽ പ്രകൃതി ക്ഷോഭത്തിന്റെ തരവും തീയതിയും സ്ഥല വിവരവും നൽകിയ ശേഷം **Report** എന്ന ബട്ടൻ അമർത്തുക.




4. ഇപ്പോൾ ഈ കാണുന്ന മാതൃകയിലുള്ള സന്ദേശം താങ്കൾക്ക് ലഭിക്കും. **താങ്കളുടെ സന്ദേശം കൃഷി ഭവനിൽ ലഭ്യമായിക്കഴിഞ്ഞു**

****************************************